പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 260* 21.06.2012 ൽ മറുപടിക്ക്

## റോഡുകളുടെ വികസനവും മെയിന്റനൻസും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ഉബൈദുള്ള :<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി:<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. കെ. എം. ഷാജി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനക്കാര്യത്തിലും 2011-12 വർഷത്തിൽ സ്വീകരിച്ച നയവും നടപടികളും പറയാമോ ; | (എ) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനായി പൊതുമരാമത്ത് മന്ത്രിയുടെ നേതൃത്വത്തിൽ നിശ്ചിത കാലയളവിൽ സംസ്ഥാനതലത്തിലും മേഖലാ തലത്തിലുമുള്ള പൊതുമരാമത്ത് വകുപ്പിലെ എല്ലാ എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്, പ്രവൃത്തികൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി വകുപ്പിനു കീഴിലുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് സുഗമമായി നടത്തിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗും ഇ-പേയ്മെന്റും നടപ്പിലാക്കിയത് കൂടാതെ പൊതുമരാമത്ത് മാനുവൽ പരിഷ്കരിച്ച് ഉത്തരവാകുകയും ചെയ്തു.<br>2011-12 വർഷത്തിൽ റോഡുകളുടെ വികസനത്തിനായി പദ്ധതി പ്രവൃത്തികളിലുൾപ്പെടുത്തി 1300 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതിയും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പ്രധാനപ്പെട്ട പ്രവൃത്തികൾക്ക് 599 കോടി രൂപയുടെ ഭരണാനുമതിയും നൽകുകയുണ്ടായി. കൂടാതെ 5 കോർപ്പറേഷനുകളിലെ (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്) റോഡുകളുടെ നവീകരണത്തിനായി 157.96 കോടി രൂപയുടെ പ്രവൃത്തികൾക്കും റോഡുകളുടെ അത്യാവശ്യ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 194.6 കോടി രൂപയുടെയും |

പ്രവൃത്തികൾക്കും ഭരണാനുമതി ലഭിക്കുകയും അതനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുകയും ചെയ്തിരുന്നു.

സംസ്ഥാനത്തെ 1000-ൽ പരം കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള ഒരു പദ്ധതി 2011-2012 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള ഈ സംസ്ഥാന റോഡു വികസന പദ്ധതി സമയ ബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനായി 'റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്' എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ എന്നീ നാലു നഗരങ്ങളിൽ കൂടി നഗരറോഡു വികസന പദ്ധതികൾ നടപ്പാക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കിന് ഒരു പരിധി വരെ പരിഹാരമാകുന്ന കോഴിക്കോട് മോണോ റയിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഡി.എം.ആർ.സി-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി മുൻകാലങ്ങളിൽ ഹെവി മെയിന്റനൻസ് ചെയ്ത് അഭിവൃദ്ധിപ്പെടുത്തിയ റോഡുകളിൽ ഉപരിതലം മോശമായതിനെ തുടർന്ന് 5 വർഷത്തെ ലോങ്ങ് ടേം മെയിന്റൻസു കൂടി ഉൾപ്പെടുത്തി 13 റോഡുകൾ കെ.എസ്.ടി.പി. ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി വരികയാണ്. കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിന് ലോക ബാങ്ക് ധനസഹായം ഉറപ്പ് വരുത്തി. ഇതിൻപ്രകാരം 367 കി.മീ. ദൈർഘ്യമുള്ള 7 റോഡുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും 1000 കി.മീ. റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്യുന്നതിനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതു കൂടാതെ കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത റോഡുകൾ

ലോങ്ങ് ടേം മെയിന്റനൻസ് ചെയ്യുവാനും, പൊതുമരാമത്ത് വകുപ്പിനെ നവീകരിക്കുവാനുമുള്ള നടപടികളും ഉൾപ്പെടുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനും മെയിന്റനൻസിനും എന്തു തുകയുടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) 2011-12 കാലയളവിൽ ദേശീയപാതാ വിഭാഗം കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 154.59 കോടി രൂപയ്ക്കുള്ള പണികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന സർക്കാർ 64 കോടി രൂപയ്ക്കുള്ള ദേശീയപാതയിലെ പണികൾക്ക് അംഗീകാരം നൽകുകയും ടി പണികൾ പുരോഗതിയിലുമാണ്. ദേശീയപാതയിലെ അറ്റകുറ്റപണികൾക്കായി 20.69 കോടി രൂപയുടെ പണികൾക്ക് അംഗീകാരം നൽകി പൂർത്തീകരിച്ചു.

2011-12 വർഷത്തിൽ റോഡുകളുടെ വികസനത്തിനായി പദ്ധതി പ്രവൃത്തികളിലുൾപ്പെടുത്തി 1300 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതിയും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പ്രധാനപ്പെട്ട പ്രവൃത്തികൾക്ക് 599 കോടി രൂപയുടെ ഭരണാനുമതിയും 5 കോർപ്പറേഷനുകളിലെ (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്) റോഡുകളുടെ നവീകരണത്തിനായി 157.96 കോടി രൂപയുടെ പ്രവൃത്തികൾക്കും റോഡുകളുടെ അത്യാവശ്യ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 194.6 കോടി രൂപയുടെ പ്രവൃത്തികൾക്കും ഭരണാനുമതി ലഭിക്കുകയും അതനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുകയും ചെയ്തിരുന്നു. കൂടാതെ കെ.എസ്.ടി.പി പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ 209 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളും നടത്തി വരുന്നു.

(സി) നഗരറോഡുകളുടെ വികസന കാര്യത്തിൽ എന്തൊക്കെ പ്രവർത്തികൾ ഏറ്റെടുത്തുവെന്ന് വെളിപ്പെടുത്തുമോ ;

(സി) തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകാറായി. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചു വരുന്നു. കൊച്ചി നഗര റോഡു വികസന പദ്ധതിയുടെ

ഭൂമി ഏറ്റെടുക്കലിനുള്ള ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്. കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ എന്നീ നാലു നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിദഗ്ധരായ കൺസൾട്ടന്റുമാരെ നിയോഗിച്ചു കഴിഞ്ഞു.

5 കോർപ്പറേഷനുകളിലെ റോഡുകൾക്ക് 157.96 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| (ഡി) ഗ്രാമീണ മേഖലയിലെ റോഡുകളുടെ കാര്യത്തിൽ വേണ്ടത്ര പരിഗണന നല്കിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ പരിഹാര-നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാന റോഡു വികസന പദ്ധതിയിൽ ഗ്രാമീണ മേഖലയ്ക്കും കൂടി പരിഗണന നൽകിയാണ് റോഡുകൾ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.<br>ഗ്രാമീണ മേഖലയിലെ റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്നതാകയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് അറ്റകുറ്റ പണികൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ